സഖാവ് കത്തനാർ

സി. ജെ. തോമസ്



സഖാവ് കത്തനാർ
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The execution of Queen Marie Antoinette of France, a painting by Isidore Stanislas Helman (1743–1806). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

സഖാവ് കത്തനാർ

ദൈവങ്ങളെക്കൊണ്ട് ഉപദ്രവമില്ല. അവയുടെ സോൾ ഏജന്റുമാരാണ് വിഷമക്കാർ.

പണ്ട് മതത്തിലെ പുരോഹിതന്മാരെക്കൊണ്ടായിരുന്നു പൊറുതികേട്ട്. ഇപ്പോൾ രാഷ്ട്രീയപുരോഹിതന്മാരെക്കൊണ്ട്. എവിടെയായാലും ഇവർക്ക് അപ്പോസ്തോലിക പിൻതുടർച്ചയും തെറ്റില്ലാ വരവും ഉണ്ട്. രണ്ടുകൂട്ടരും കുരിശുയുദ്ധങ്ങൾക്ക് മനുഷ്യരെ കണ്ണടച്ച് ബലികഴിക്കും. സകലതും കഴിയുമ്പോൾ കണ്ണുനീരോടെ ശവസംസ്കാരപ്രസംഗവും നടത്തും. രണ്ടുകൂട്ടരും ദൈവത്തെക്കാണുന്നുണ്ട്. മനുഷ്യനോടാണ് വെറുപ്പ്, കാണാവുന്ന മനുഷ്യനെ വെറുത്ത് കാണാത്ത ദൈവത്തെ പൂജിക്കുന്ന വർഗ്ഗം ദൈവത്തെ പലപ്പോഴും ഒരു ഊന്നുവടിയായി ഉപയോഗപ്പെടുത്തും—പ്രത്യേകിച്ചും ശിശുമനഃസ്ഥിതിക്കാർക്കും നട്ടെല്ലില്ലാത്തവർക്കും. പുരോഹിതനാകട്ടെ, സിൻബാദിന്റെ പിടലിക്ക് കയറിയ കടൽമനുഷ്യനെപ്പോലെ കാല് കഴുത്തിൽ ഇടുകയും ചുമക്കുന്നവന്റെ തലയിൽ താളംപിടിക്കുകയും ചെയ്യും. ദൈവമില്ലെങ്കിലും ഈ ജന്തു ഉണ്ടായിരിക്കും. നിരീശ്വരമതങ്ങൾക്കും പുരോഹിതന്മാരുണ്ട്. വേണ്ടിവന്നാൽ, ബുദ്ധമതത്തിലെപ്പോലെ ദൈവമില്ലെന്നു വന്നാൽ, മരിച്ചുപോയ പുരോഹിതനെ അവർ ദൈവമായി വാഴിക്കും. എന്നല്ല, മതം തന്നെയില്ലെങ്കിലും പുരോഹിതനുണ്ട്, അവൻ അനശ്വരനാണ്, മത്സ്യകൂർമ്മ... എന്നു പറഞ്ഞതുപോലെ പല രൂപത്തിൽ പലപ്പോഴായി ഇവ യുഗാനുസാരം അവതരിക്കുന്നു.

പൊതുവെ ഒരു സ്വഭാവം മാത്രമേ ഇവയ്ക്കുള്ളൂ മനുഷ്യനു വേണ്ട യാതൊരു വേലയും ചെയ്യാതെ സുഖമായി ഭക്ഷണം കഴിക്കുക; പുതിയ സകലതിനേയും എതിർക്കുക; പുതിയതിന് ശക്തി ലഭിക്കുന്ന ഉടനെ പഴയ സകലതിനേയും എതിർക്കുക; അങ്ങനെ എപ്പോഴും ഭൂരിപക്ഷത്തിന്റെ മറപറ്റിനിന്ന് ന്യൂനപക്ഷത്തിനെ പീഡിപ്പിക്കുക. സാമ്രാജ്യവാദി, കാപാലികൻ, ബ്രാഹ്മണൻ, മഹർഷി, ലേവ്യക്കാരൻ, പാതിരി മുതലായവരോടൊപ്പം ഒരു കുടുംബത്തിലെ അംഗങ്ങളാണ്. ഈ വർഗ്ഗത്തിന്റെ ചരിത്രം വളരെ രസാവഹമാണ്, നീണ്ടതും.

അഹറോൻ

ഭൂതകാലാന്ധകാരത്തിലേക്ക് ചുഴിഞ്ഞുനോക്കിയാൽ ഒരു അഗ്നികുണ്ഡത്തിനകത്തേക്കു എന്തോ ഒക്കെയിട്ട് പുകയുണ്ടാക്കി, നിരർത്ഥകമായ പദങ്ങളും മന്ത്രിച്ചുകൊണ്ടിരിക്കുന്ന ഒരു വികൃതരൂപത്തെ കാണാം. മരണത്തിന്റേയും ഇടിവെട്ടുന്നതിന്റേയും, മാംസം വേവുന്നതിന്റേയും രഹസ്യം അവനറിയാമത്രെ! അവൻ സകലരോഗവും ഭേദമാക്കും. മറ്റുള്ളവർക്കറിഞ്ഞുകൂടാത്തതെല്ലാം അവനറിയാം. അവനാണ് സകല പുരോഹിതന്മാരുടേയും വല്യപ്പപ്പനായ മന്ത്രവാദി. അവന്റെ ജീവിതതത്ത്വം ഇതാണ്. അറിയാൻ പാടില്ലാത്തത് എല്ലാം മഹത്താണ്. സകലമതങ്ങളുടേയും അടിസ്ഥാനം ഇതാണ്. നിർവ്വാണരഹസ്യവും കർബ്ബാനരഹസ്യവും എല്ലാം ഇതുതന്നെ—അന്ധനും അജ്ഞനുമായ മനുഷ്യനെ ഭയപ്പെടുത്തി ഭരിക്കുവാനുള്ള തന്ത്രം. മന്ത്രവാദിയുടെ സന്താനപരമ്പരയിൽ നരബലിക്കാരനായ കാപാലികനും അഹറോന്റെ അനുയായികളും വന്നുകൂടി. ബ്രാഹ്മണമതം ആരംഭകാലത്തിൽ എന്തായിരുന്നാലും നാമറിയുന്ന കാലത്ത് നമ്പൂതിരിയുടെ കൂടെ ലൈംഗികകർമ്മം നടത്തുന്ന—അന്യജാതിസ്ത്രീകൾക്കു മോക്ഷവിതരണം ചെയ്യാനുള്ള ഒരേജൻസിയായിത്തീർന്നിരുന്നു. ക്രിസ്തുവിന്റെ പുറകെ വരുന്നവരുടെ കഥ അതിലും രസകരമാണ്. അവരുടെ പ്രധാനവിഷയങ്ങൾ പരിച്ഛേദനം വേണോ വേണ്ടയോ, ഏകത്വത്തിൽ ത്രിത്വമോ, ത്രിത്വത്തിൽ ഏകത്വമോ എന്നൊക്കെയായിരുന്നു. അതുകൊണ്ട്, പിൽക്കാലങ്ങളിൽ പാളിച്ചയും പിളർപ്പും, റഷ്യയിലെ പുരോഹിതന്റെ 'പ്രഥമരാത്രി അവകാശ'വുമൊക്കെ വന്നുചേർന്നു.

ഗാന്ധിജിയും ഒരു മതം ആരംഭിച്ചിട്ടുണ്ട്. അദ്ദേഹത്തെക്കൊണ്ട് വലിയ വിഷമമൊന്നുമില്ലായിരുന്നു. അഭിപ്രായങ്ങൾ മാറ്റുന്നതിനും തെറ്റുസമ്മതിക്കുന്നതിനും അദ്ദേഹത്തിനു വലിയ മടിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ് യഥാർത്ഥ പുരോഹിതന്മാർ.

കമ്മ്യൂണിസത്തിലും ഉണ്ട് പുരോഹിതന്മാർ. രാഷ്ട്രീയപുരോഹിതൻ ഇതര പുരോഹിതന്മാരിൽനിന്ന് ഉത്തമനോ അധമനോ അല്ല. ഒന്നുകിൽ, അവൻ ഭൂരിപക്ഷം ജനങ്ങൾ അംഗീകരിക്കുന്ന ഒരു ദൈവത്തിന്റെ പൂജാരിയായി പ്രത്യക്ഷപ്പെടും. അല്ലെങ്കിൽ, അവൻ ഒരു ദൈവത്തെ സ്വയം സൃഷ്ടിച്ച് അതിന്റെ പരസ്യപ്പലകയായിത്തീരും. അതുമല്ലെങ്കിൽ സ്വയം ഒരു കുട്ടിദൈവമായി മറ്റു പുരോഹിതന്മാരെ ശാന്തിക്കു നിയമിക്കും.



മാർക്സ്

പാരമ്പര്യം പറയുക സകല പുരോഹിതന്മാരുടേയും പതിവാണ്. ക്രിസ്ത്യാനിയുടെ പുരോഹിതൻ പറയും അവൻ വിശുദ്ധ പത്രോസ് മുതലുള്ള നൽവരമുണ്ടെന്ന്. ഏതാനും കോടി സഹസ്രാബ്ദങ്ങൾ പുറകോട്ടുനടന്നാൽ ബ്രഹ്മാവിന്റെ മുഖത്തുതന്നെ ചെന്നെത്താമെന്നാണ് ബ്രാഹ്മണന്റെ പക്ഷം, അവരുടെ അധികാരപട്ടയം ഇവിടെയാരും കൊടുത്തതാണെന്ന് അവർ അവകാശപ്പെടുകയില്ല. അതിനു തെളിവൊന്നുമില്ലല്ലോ. കമ്മ്യൂണിസ്റ്റ് നേതാവ് പറയും, മാർക്സ് മുതലുള്ള പാരമ്പര്യം ലെനിൻ വഴി ഇങ്ങെത്തിയിട്ടുണ്ടെന്ന്. ഖദർകാരനും പറയും, താൻ പണ്ട് വെള്ളരിക്കായും പച്ചവെള്ളവും ഭുജിച്ചുകൊണ്ട് ഗാന്ധിയുടെ കൂടെ ഉപ്പുകാച്ചിയിട്ടുണ്ടെന്ന്. ഈ പാരമ്പര്യം പലപ്പോഴും 'നത്തുരാമ'ന് ഗാന്ധിയുടെ പാരമ്പര്യം ലഭിച്ചതുപോലെയിരിക്കും. പുരോഹിതന്മാരെ എതിർത്ത ഒരു മരപ്പണിക്കാരനെ അവർ കൊന്നു. പക്ഷേ, കൊന്നുകഴിഞ്ഞ ഉടനെ അവർ അദ്ദേഹത്തെ പകുതി ദൈവവും പകുതി പുരോഹിതനുമാക്കി. കയാഫാസ് തന്നെ പിന്നീടു ക്രിസ്തുവിനെ ആരാധിച്ചു കാണണം. അതിനു ന്യായങ്ങളുണ്ട്. ഒന്നാമത്, ആ ശവം പുരോഹിതന്മാരെ പിന്നീട് ചീത്തപറയുകയില്ല. രണ്ടാമത്, പഴയ പെട്ടകത്തിനകത്തെ ദൈവത്തേക്കാൾ ആളുകൂട്ടാൻ നല്ലതാണ്, കുരിശിൽ തൂങ്ങിക്കിടക്കുന്ന ദൈവം. മൂന്നാമത്, ആ ശവത്തിന്മേൽ വീഴുന്ന കാണിക്ക അവർക്കെടുക്കാം. നട്ടുച്ചയ്ക്കു സൂര്യനെ തുറിച്ചുനോക്കിയാൽ കണ്ണഞ്ചുമെന്നു കണ്ടുപിടിച്ച ലക്ഷക്കണക്കിനു രൂപാ പിരിക്കുന്ന പുരോഹിതന്മാർ ഇക്കാര്യത്തിൽ പുറകോട്ടുനിൽക്കാൻ വഴിയില്ലല്ലോ.



ലെനിൻ

ഒരു പുരോഹിതനുണ്ടായാൽ മതി ഒരു താവഴി ആരംഭിക്കാൻ. അയാൾ പറയുന്ന വിഡ്ഢിത്തമെല്ലാം എഴുതിവെച്ച് അതിനെ വേദവാക്യമാക്കാം. പിന്നീടു കാണുന്ന വാസ്തവങ്ങൾക്കെതിരായി അവ ഉദ്ധരിക്കും. ഉദ്ധരണങ്ങളിൽ വൈരുദ്ധ്യം വന്നാൽ ഉടനെ കുതർക്കക്കസർത്തുകൾ തുടങ്ങുകയായി. മതപുരോഹിതനും രാഷ്ട്രീയ പുരോഹിതനും അവരുടെ ആടുകളെ കുരിശുയുദ്ധങ്ങൾക്കു ബലികഴിക്കാം. വീരസ്വർഗ്ഗം കൺട്രോൾ വിലയ്ക്ക് അവർ വിതരണം ചെയ്യുന്നുണ്ട്. ചിലർ അതിനു വിശ്വാസ സംരക്ഷണം എന്നു പറയും, മറ്റുള്ളവർ ദേശാഭിമാനം. രണ്ടുകൂട്ടരും കാലന്റെ റിക്രൂട്ടിംഗ് ഏജന്റന്മാരാണ്. ഇവയിലെല്ലാം വിശ്വാസവിരോധികളുണ്ട്, മുടക്കമുണ്ട്, പീഡയുണ്ട്, സെൻടൽ കമ്മറ്റിയുണ്ട്.

മതത്തിലെ പുരോഹിതന്മാരെ കണ്ടുപേടിച്ചോടിയ ഒരാൾക്കു ഗാന്ധിമതത്തിലേയും കമ്മ്യൂണിസ്റ്റു മതത്തിലേയും പുരോഹിതന്മാരെ കാണുമ്പോൾ പേടിക്കാതെ നിവൃത്തിയില്ല. ക്രൂരതയിലും നീതിയില്ലായ്മയിലും ഇവരെല്ലാം സമന്മാരാണ്. ശത്രുവെന്ന് അവർ സങ്കല്പിക്കുന്നവരെ നശിപ്പിക്കാൻ എന്തായുധവും ആകാമെന്നാണവരുടെ വിശ്വാസം. ഒരു വനത്തോളം മുദ്രാവാക്യങ്ങൾക്കോ തർക്കശാസ്ത്രപ്രവാഹത്തിനോ ഈ വസ്തുതയെ മറയ്ക്കാൻ കഴിയില്ല. തെറ്റുസമ്മതിക്കാത്തവനും, മനുഷ്യനെ സ്നേഹിക്കാത്തവനും മനുഷ്യരല്ല.

ക്രിസ്തു കയാഫാസിനു മുന്നിൽ, മത്ത്യാസ് സ്റ്റോം.

പുരോഗതി ഒരിക്കലും യാഥാസ്ഥിതികത്വത്തിൽനിന്നു വരികയില്ല. വിശ്വാസവിപരീതമാണ് സകല പുരോഗതിയുടേയും അടിസ്ഥാനം. അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം. ഇത് എതിർപ്പിനു വേണ്ടിയുള്ള എതിർപ്പല്ല. പുതിയതിന്റെ പേറ്റുനോവാണ്.

പക്ഷേ, ഇതൊക്കെ പറഞ്ഞാലും രാഷ്ട്രീയനേതാവ് കുറേക്കാലത്തേക്ക് കൂടിയേ തീരു. അവൻ പുരോഹിതനായിത്തീരുന്നെങ്കിൽ അവൻ മാത്രമല്ല അതിനുത്തരവാദി. അവനെ അനുഗമിക്കുന്നവരും കുറ്റവാളികളാണ്. പഞ്ചപുച്ഛമടക്കി മുണ്ടുമരയ്ക്കുകെട്ടി 'റാൻ' പറഞ്ഞുകൊണ്ട് കുറേപ്പേർ പുറകേ കൂടിയാൽ ഏതു നേതാവിന്റേയും തല തിരിഞ്ഞുപോകും. അതിനെ തടയുവാനുള്ള ചുമതല പുരോഹിതന്റേതല്ല, വിശ്വാസിയുടേതാണ്.

ധിക്കാരിയുടെ കാതൽ 1955.

□

സി. ജെ. തോമസ്

മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്ത്യീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിയ്ക്കുന്ന സമയത്ത് ദോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരപ്രോത്സാഹനത്തിനു വിധേയരായി ക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം
695014